കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി (കെസ്റു-99) സബ്സിഡി വിതരണത്തിനാവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ (ആർറ്റി) 242/2010/തൊഴിൽ. തീയതി, തിരുവനന്തപുരം, 10/02/2010

=================================================================

പരാമർശം:-
1. 25/06/2009 ലെ ജി ഒ (ആർറ്റി) നം.894/09/തൊഴിൽ.
2. 22/09/2009 ലെ ജി ഒ (ആർറ്റി) നം.1471/09/തൊഴിൽ.
3. 24/11/'09 ലെ ജി.ഒ(ആർറ്റി)നം.1833/09/തൊഴിൽ.
4. 13/01/'10 ലെ എംപ്ലോയ്മെൻറ് ഡയറക്ടറുടെ യു1/13900/09/ഡി.ഇ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റു-99' പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണത്തിനായി 2009-'10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരുകോടി പത്തുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭിച്ച ഗുണഭോക്താക്കൾക്ക് പരാമർശം ഒന്ന്, രണ്ട്, മൂന്ന് എന്നിവയിലെ ഉത്തരവുകൾ പ്രകാരം യഥാക്രമം 22,36,416/- രൂപയും (ഇരുപത്തിരണ്ട് ലക്ഷത്തി മുപ്പത്താറായിരത്തി നാന്നൂറ്റി പതിനാറ് രൂപ മാത്രം) 22,68,280/-രൂപയും (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തെണ്ണായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) 20,76,550/-രൂപയും (ഇരുപത് ലക്ഷത്തി എഴുപത്താറായിരത്തി അഞ്ഞൂറ്റമ്പത് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഇപ്പോൾ വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ അനുവദിച്ച 171 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി 26,68,940/- രൂപ (ഇരുപത്താറ് ലക്ഷത്തി അറുപത്തെണ്ണായിരത്തി തൊള്ളായിരത്തി നാല്പത് രൂപ മാത്രം) "2230-02-101-98-34 അദർ ചാർജ്ജസ് (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുത്തരവാകണമെന്ന് പരാമർശം നാലിലെ കത്ത് മുഖേന എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി 'കെസ്റു-99 ' പ്രകാരം വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭിച്ച 171 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിലേക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ " 2230-02-101-98-34 അദർ ചാർജ്ജസ് (നോൺ-പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും 26,68,940/-രൂപ (ഇരുപത്താറ് ലക്ഷത്തി അറുപത്തെണ്ണായിരത്തി തൊള്ളായിരത്തി നാല്പത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

4. ടി തുക പിൻവലിക്കുന്നതിനും ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർമാർക്ക് പുനർവിതരണം ചെയ്യുന്നതിനുമായി എംപ്ലോയ്മെൻറ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വിതരണം ചെയ്താലുടൻ തന്നെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എസ്.കുമാർ
ജോയിൻറ് സെക്രട്ടറി

എംപ്ലോയ്മെൻറ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
~~ധനകാര്യ വകുപ്പ്~~
തൊഴിലും പുനരധിവാസവും (പാർല) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
~~നോഡൽ ഓഫീസർ, ഗവ: വെബ്സൈറ്റ്, സെക്രട്ടേറിയറ്റ് അനക്സ്~~ Information officer, web & New media I&PRD, Tagore Theatre, Vazhuthakadu, Tvpm
സംരരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ഫീസർ